ശ്രീ. കെ. ബാബു : പണത്തിന്റെ ലഭ്യത കുറവാണ് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ തടസ്സമായി നിൽക്കുന്നതെന്നാണ് പ്രധാനമായിട്ടും വന്നിട്ടുള്ളത്. അതുകൊണ്ട് പണം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും. എന്നത്തേയ്ക്ക് ഈ വർക്ക് തുടർന്നുകൊണ്ടുപോകാൻ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ.

ശ്രീ. ടി. എം. ജേക്കബ് : ഞങ്ങൾ ഉദ്ദേശിക്കുന്നത് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കാമെന്നാണ് അതിനേ സാധിക്കൂ. ബാങ്കുകാർക്ക് ഉദാരമായ സമീപനമുള്ളതുകൊണ്ട് ഏതെങ്കിലും ബാങ്കിൽ നിന്ന് ലോണെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

IV സബ്മിഷൻ

(1) കടലാക്രമണംമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : നമ്മുടെ കടലമ്മ വല്ലാതെ ക്ഷുഭിതയായിരിക്കുകയാണ്. കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് പ്രദേശങ്ങളിൽ നിന്നെല്ലാംവന്ന ഫാക്സാണ് എന്റെ കൈയിലുള്ളത്. എല്ലാം വിശദമായി പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നില്ല. നൂറുകണക്കിന് ഏക്കർ സ്ഥലം കടലാക്രമണംമൂലം കടലിലേക്ക് പോയിരിക്കുകയാണ്. ആയിരക്കണക്കിന് തെങ്ങും നൂറുകണക്കിന് വീടുകളും ഒലിച്ചുപോയിരിക്കുകയാണ്. കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ ആണ് ഏറെയും കടലാക്രമണം നടന്നിട്ടുള്ളത്. ചില പ്രദേശങ്ങളിൽ കടൽ ഭിത്തിയെത്തന്നെ അടിച്ചുടയ്ക്കത്തക്കതരത്തിലുള്ള ശക്തമായ തിരമാലകളാണ് അടിച്ചിട്ടുള്ളത്. ഇതുമൂലം ഭവനരഹിതരായിട്ടുള്ള ആളുകൾ നൂറുകണക്കിനാണ്. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, അമ്പലപ്പുഴ, നിയോജകമണ്ഡലങ്ങളിലെ തീരപ്രദേശങ്ങളും കോഴിക്കോട് ജില്ലയിലെ തീരപ്രദേശങ്ങളും, കാസർകോഡ് ജില്ലയിലെ നാലഞ്ചു മണ്ഡലങ്ങളിൽ വരുന്ന തീരപ്രദേശങ്ങളും, കണ്ണൂർ ജില്ലയിലെ തീരപ്രദേശങ്ങളും അതിരൂക്ഷമായ കടലാക്രമണത്തിന് വിധേയമായി ജനങ്ങൾ പട്ടിണിയും ദുരിതവുമായി കഴിയുകയാണ്. അവർക്ക് കയറിക്കിടക്കാൻ സ്ഥലമില്ല. കടലോരത്തുതന്നെ ഗവൺമെന്റിന്റെ പുറമ്പോക്ക് അല്ലെങ്കിൽ വ്യക്തികളിൽ നിന്ന് സ്ഥലം വാങ്ങി വീടുവച്ചു കൊടുക്കുകയോ, അതുപോലെ ഭക്ഷണവും മറ്റു കാര്യങ്ങളും എത്തിച്ചുകൊടുക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ പഞ്ചായത്തും അവിടെയുള്ള സാമൂഹ്യ സ്നേഹികളും, മനുഷ്യ സ്നേഹികളുമായിട്ടുള്ള ആളുകൾ സഹായിക്കുന്നതു കൊണ്ടാണ് ഈ അനാഥർ ജീവിച്ചു പോരുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണം. ഇറിഗേഷൻ വകുപ്പുമന്ത്രി കടൽഭിത്തി കെട്ടുന്നതു സംബന്ധിച്ചും, റവന്യൂ വകുപ്പുമന്ത്രി ഇവർക്ക് മറ്റു തരത്തിലുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നതു സംബന്ധിച്ചും നടപടി സ്വീകരിക്കണം. രണ്ടുകൂട്ടരും കൂടിയാലോചിച്ച് അടിയന്തിര സഹായം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഒരിക്കൽ കൂടി ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഇത്തവണ മഴ വളരെ കാര്യമായി കിട്ടിയില്ലായെങ്കിലും കടലാക്രണം വളരെ രൂക്ഷമായിട്ടുണ്ട്. കൂടുതൽ കടലാക്രമണത്തിന് വിധേയമായ പ്രദേശം ആലപ്പുഴ ജില്ലയാണ്. വളരെ രൂക്ഷമായിരുന്നു. മഴ ആരംഭിക്കുന്നതിനു മുമ്പുതന്നെ കടലാക്രമണം ആരംഭിച്ചു. എന്താണ് കാരണമെന്ന് അറിഞ്ഞുകൂട. കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം എന്നീ നാലു ജില്ലകളിലെ കോസ്റ്റൽ ബൽറ്റിലാണ് കൂടുതൽ പ്രശ്നമുണ്ടായിരിക്കുന്നത്. അതിന്റെ ലിസ്റ്റ് ഞങ്ങൾ എടുത്തിട്ടുണ്ട്. ഇപ്പോൾ കടലാക്രമണം ഉണ്ടായ പ്രദേശങ്ങളിൽ ഗവൺമെന്റ് ശ്രദ്ധിക്കാതിരുന്നില്ല. ഗവൺമെന്റ് ശ്രദ്ധിക്കുകയും താൽക്കാലികമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കടൽഭിത്തി നിർമ്മാണം മഴക്കാലത്ത് സാദ്ധ്യമല്ല. അതിന് ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. അത് ആ സമയത്തു മാത്രമേ ചെയ്യാൻ സാധിക്കൂ. 11-ാം ധനകാര്യകമ്മീഷന്റെ 50 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് കടൽ ഭിത്തി നിർമ്മാണത്തിന് കിട്ടി. ആ പണം ഫലപ്രദമായി ഞങ്ങൾ ഉപയോഗിക്കുന്നുണ്ട്. 15.94 കി. മീ. കടൽഭിത്തി നിർമ്മാണവും 20.14 കി.മീ. പുനരുദ്ധാരണ പ്രവൃത്തിയും ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള അനുമതി കിട്ടിയിട്ടുണ്ട്. Natioanal Coast Project-ൽ ഉൾപ്പെടുത്തി 216.96 കോടിരൂപ നമുക്ക് തരണമെന്ന് കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ ഒരു റിക്വസ്റ്റ് കൊടുത്തിട്ടുണ്ട്. നേരത്തെ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് ഇക്കാര്യത്തിൽ കാര്യമായ സഹായം ഗ്രാന്റായിട്ടുതന്നെ നൽകിക്കൊണ്ടിരുന്നതാണ്. ഇപ്പോൾ പണം തരുന്നില്ല. കോസ്റ്റൽ പ്രോജക്ടിനുവേണ്ടി പ്രത്യേകം പണം തരുന്നില്ല. പക്ഷെ, ഇപ്പോഴത്തെ കേന്ദ്ര വാട്ടർ റിസോഴ്സസ് മിനിസ്റ്റർ ഒറീസ്സയിൽ നിന്നുള്ള ആളാണ്. അവിടെയും പ്രശ്നങ്ങൾ രൂക്ഷമായതുകൊണ്ട് ഇതൊരു സ്കീമായിട്ടുതന്നെ മുന്നോട്ടു നീങ്ങുന്നുണ്ട്. നമുക്ക് പ്രതീക്ഷയുണ്ട്. താൽക്കാലിക ക്രമീകരണങ്ങൾ കളക്ടറുമായിട്ട് ഞങ്ങളുടെ എൻജിനിയർമാർ അവിടത്തെ ജനപ്രതിനിധികളേയും കൂട്ടി താൽക്കാലികമായ ധാരാളം പ്രോഗ്രാമുകൾ ഈ പ്രദേശങ്ങളിൽ ചെയ്യുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണ്.

(2) മലബാർ സിമന്റ്സ് ഫാക്ടറിയിൽ സി.എൽ.പി. തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. കെ. അച്ചുതൻ: വാളയാറിലുള്ള മലബാർ സിമന്റ്സിൽ 18 വർഷമായി കാഷ്വൽ അടിസ്ഥാനത്തിൽ സ്ഥിര സ്വഭാവമുള്ള മേഖലകളിൽ ജോലി ചെയ്യുന്നവരാണ് അവിടത്തെ സി.എൽ.പി. ജീവനക്കാർ. ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ ജീവനക്കാർക്കും പി.എഫ്., ഇ.എസ്.ഐ., എൽ.ടി.എ., ബോണസ് എന്നിവ ഇപ്പോൾത്തന്നെ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അവരെ അവിടെ സ്ഥിരമാക്കണമെന്ന് ആവശ്യപ്പെട്ട് സുബ്രഹ്മണ്യം എന്നു പറയുന്ന ആദിവാസി 6 ദിവസമായി നിരാഹാരം കിടക്കുകയാണ്. ട്രൈബ്യൂണലിൽ നിന്ന് ഇവരെ സ്ഥിരപ്പെടുത്തണമെന്ന് വിധിയുണ്ടായിട്ട് ഒൻപത് മാസമായി കമ്പനി ഹൈക്കോടതിയിൽ അപ്പീൽ നല്കിയിരിക്കുകയാണ്. അപ്പീലിന് സ്റ്റേ കിട്ടിയിട്ടില്ല. അതുകൊണ്ട് 18 വർഷമായി ജോലി ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളും ഉള്ള ഗവൺമെന്റിന് യാതൊരു ബാദ്ധ്യതയുമില്ലാത്ത ഇവരെ സ്ഥിരമാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly